# കാവ്യാഞ്ജലി

## കവിതാസമാഹാരം

*ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾപൂമാല*

## *താളുകൾ മറിക്കുമ്പോൾ.............*

*മറക്കില്ലീ വേനൽ* - ലക്ഷ്മി ദിലീപ്കുമാർ , *9* ബി

ഏകാകി - വിസ്മയ പി വി , *8* ബി

# മറക്കില്ലീ വേനൽ

ലക്ഷ്മി ദിലീപ്കുമാർ

9 ബി

മഴക്കാലം വരവായ്
വേനൽചേക്കേറിയ മരങ്ങൾ
ദു:ഖം പൂണ്ടു നില്ക്കുന്ന
മരങ്ങളിൽ ഇലകൾഎങ്ങോ മറഞ്ഞു

ഇലകൾ പൊഴിഞ്ഞു
ജലാശയങ്ങളിൽ ജലം
വറ്റി വലിഞ്ഞു മുറുകി
എങ്ങോ പോയി

ഉലകിൽ വേനൽ ചേക്കേറവേ
പാരിൽ എങ്ങും വരൾച്ച നേരിടുന്ന
പൊരിയുന്ന വേനലിൻ മടിയിൽ
അറിയാതെ ഒരു മയക്കം

എങ്ങും മായാതെ എവിടെയും
പോവാതെ ഇന്നും ഈ ധരണിയിൽ

കത്തി ജ്വലിക്കുന്ന ഈ

പ്രകൃതിതൻ ചങ്ങാതി

വേനൽ മറയുന്നീ ഉലകിൽ

വേനലിന് ശമനത്തിനായി

എവിടെയോ എന്റെ ജീവിതം

ബാക്കി എന്നും

വേനൽക്കാലം നീണ്ടു നില്ക്കേ

മരങ്ങൾ പാതി മനസിന് മയക്കം

ഓര്ക്കുക എന്റെ ജീവനിൽ തുടിക്കുന്ന

പച്ച ഞരമ്പിന് തുടിപ്പ്

# ഏകാകി


വിസ്മയ പി വി

8 ബി


ഏകാകിയായ മനുഷ്യാ നിന്റെ

തേങ്ങലുകൾ ആരും കേൾക്കുന്നില്ലേ ?

കാലടി തെറ്റിയാൽ കൈപിടിച്ചുയർത്താൻ

നിന്നോടൊപ്പമിന്നാരുമില്ലേ?

ഒറ്റപ്പെടലിന്റെ വേദനയാലിന്ന് നിൻ

മാനസം വിങ്ങുന്നതെന്തിനാണ്?

എല്ലാവരുമുള്ളൊരു കൊച്ചുഗ്രാമത്തിന്റെ

ദുർവിധിയോര്ത്ത് നീ കേഴുന്നുവോ?

തോളിൽ മാറാപ്പും, ദുഃഖഭാരവും പേറി

ഇന്നീ ഭൂമിയിൽ നീ തനിയെയല്ല

നിന്നെ അനാഥനാക്കിയ ലോകത്ത്

ഇന്നു നിനക്ക് ഞങ്ങളുണ്ട്

ഭൂമിദേവിതൻ ഉടലിൽപിറന്നനിന്നിൽ

ഭാരതാംബതൻ ചൈതന്യമുണ്ട്